# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 11/2024
# 11.12.2024 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. സംസ്ഥാന സമ്മേളനങ്ങൾ
5. പ്രക്ഷോഭ പരിപാടികൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., എസ്. എസ്. വിവേകാനന്ദൻ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. റിജുലാൽ ജി., രജിത സി. ആർ., ഡോ. സുശാന്ത് പി. , ഡോ. ജിനീഷ് പി. എസ്., ഡോ. സഞ്ജയ് എസ്., ഡോ. ദിനേശൻ പി.കെ., സോബിൻ വർഗീസ് എം. വി., ഡോ. ബേബി ഷീബ സി. പി., സജിത്ത് കുമാർ പി., ഡോ. ആനന്ദ് ടി. എ., ഡോ. രഞ്ജിത്ത് മോഹൻ, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. സുകുമാരൻ എം., ഡോ. മഞ്ജുള കെ. വി., ഡോ. മനോ മോഹൻ ആന്റണി, ഡോ. കെ. റഹീം, അനൂപ് ജെ. ആലക്കപ്പള്ളി, സജീവ് യു. എസ്., ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ പി., ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ഡോ.ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. റോസ് നിക്സ് പി. കെ., ഡോ.ജയരാജ് ജെ.

രാത്രി 8 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാനമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ആലപ്പുഴയിൽ വാഹനാപകടത്തിൽ മരണപ്പെട്ട മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ, തമിഴ്നാട് തിരുവില്ലാമലയിൽ ഉണ്ടായ മണ്ണിടിച്ചിലിൽ മരണപ്പെട്ടവർ എന്നിവരുടെ നിര്യാണത്തിൽ പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരിച്ച് ഇതുവരെ ഉത്തരവ് ഇറങ്ങാത്തത് ഏറെ പ്രയാസകരമാണ്. എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതിനായി വേണ്ട ഇടപെടൽ തുടർന്നും നടത്തുന്നതാണ്. പ്രിൻസിപ്പൽ നിയമനം എത്രയും വേഗം സീനിയോരിറ്റി

അനുസരിച്ച് നടത്തുവാൻ ആവശ്യമായ ഇടപെടൽ സംഘടന നടത്തുന്ന താണ്. സംഘടനയുടെ സംസ്ഥാന സമ്മേളനം മാർച്ച് മാസത്തിൽ ഏത് ജില്ലയിൽ വെച്ച് നടത്താമെന്ന കാര്യത്തിൽ ഇന്ന് ചർച്ചചെയ്ത് ഉചിതമായ തീരുമാനമെടുക്കണം. കേരളത്തിലെ സർവ്വകലാശാലകളിൽ കേന്ദ്രം ചാൻസിലറെ ഉപയോഗിച്ച് സർവ്വകലാശാലകളുടെ സ്വയംഭരണം ഇല്ലാതാക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയെതകർത്ത് വർഗ്ഗീയ രാഷ്ട്രീയത്തിന്റെ വരുതിയിലാക്കാനുമുള്ള ആസൂത്രിത നീക്കങ്ങളാണ് നിരന്തരം നടത്തുന്നത്.

ഇതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് സാങ്കേതിക സർവ്വകലാശാല താൽക്കാലിക വി.സിയുടെ ചുമതല സർക്കാർ പട്ടികയിൽ നിന്നാകണമെന്ന വിധിയിൽ ഹൈക്കോടതി കൂടുതൽ വ്യക്തത വരുത്തി മണിക്കൂറുകൾ തികയും മുമ്പ് താൽക്കാലിക വി.സിയായി കൊച്ചി സർവകലാശാല ഷിപ്പ് ടെക്നോളജി വിഭാഗം പ്രൊഫ.ഡോ.കെ.ശിവപ്രസാദിനെ ചാൻസിലർ കോടതിവിധി മറികടന്ന് നിയമിക്കുന്നത്. കോടതി വിധികളെ കാറ്റിൽ പറത്തി ചാൻസിലർ നടത്തുന്ന ഇത്തരം നടപടികൾ തികച്ചും ഭരണഘടനാവിരുദ്ധമാണ്. സർവ്വകലാശാല ചട്ടങ്ങൾക്കും, ജനാധിപത്യപരമായി തെരഞ്ഞെടുത്ത സർക്കാരിന്റെ അധികാരങ്ങൾക്ക് മേലുമുള്ള കടന്നുകയറ്റമാണ് ഇത്. ഇതിനെതിരെയുള്ള പ്രക്ഷോഭ പരിപാടികളും ഇന്ന് വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. പ്രിൻസിപ്പൽ നിയമനം, സംഗീത കോളേജ് അധ്യാപകരുടെ സർവീസ് വിഷയങ്ങൾ പഠിച്ച് തീരുമാനമെടുക്കാനുള്ള കമ്മറ്റിയുടെ നിയമനം എന്നീ വിഷയങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.
2. സംഘടനയുടെ സംസ്ഥാന സമ്മേളനം 2025 മാർച്ച് മാസം കാസർഗോഡ് വെച്ച് നടത്തുവാൻ തീരുമാനിച്ചു.
3. ചാൻസിലറുടെ ജനാധിപത്യവിരുദ്ധ നടപടികൾക്കെതിരെ ഡിസംബർ 18 ബുധനാഴ്ച സർക്കാർ കോളേജ് കാമ്പസുകളിൽ വിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

യോഗം രാത്രി 9 ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
11-12-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി